

INDIAN CATHOLIC COMMUNITY

Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 069911966771

ഇന്ത്യൻ കത്തോലിക്കാ സമൂഹം വിയന്ന



ICC Bulletin Vol. 6. 5 www.iccvienna.org December 2011

# Message of the Chaplain

വീണ്ടുമൊരു മംഗളവാർത്തക്കാലം ആഗതമായി. സകലർക്കും സന്തോഷം നൽകുന്ന മഹാരഹസ്യമെന്താണ്? അത് മറ്റൊന്നുമല്ല. ദൈവവചനം മനുഷ്യനായി നമ്മുടെയിടയിൽ വസിച്ചു. പ്രപഞ്ചദാതാവായ ദൈവത്തെ മനുഷ്യന് സ്വന്തം ഇന്ദ്രീയങ്ങൾകൊണ്ട് കാണുവാനും കേൾക്കുവാനും അവന്റെ സഹവാസം അനുഭവിക്കുവാനും സാധിച്ചു. അതങ്ങനെ ലോകാവസാനത്തോളം സാധിക്കും. മനുഷ്യനോടുകൂടിയുള്ള ഈശ്വര സാന്നിദ്ധ്യം നസ്രസ്സിലെ മറിയത്തിന്റെ മകനായ യേശുവാണെന്ന് മാലാഖമാർ പ്രഘോഷിച്ചു. മൂന്ന് രാജാക്കന്മാർ സാക്ഷ്യപ്പെടുത്തി, അപ്പസ്തോലന്മാരും, ശിഷ്യവൃന്ദവും പ്രഘോഷിച്ചു. ജീവനർപ്പിച്ച് സ്ഥിരീകരിച്ചു.

മനുഷ്യനായി അവതരിച്ച ആ ദൈവപുത്രൻ ലോകത്തിന് മുഴുവൻ നൽകിയ മംഗള സന്ദേശമെന്താണ്? ഞാൻ വന്നിരിക്കുന്നത് നിങ്ങൾക്ക് ജീവനുണ്ടാകുവാനും അത് സമൃദ്ധിയായി ഉണ്ടാകുവാനുമാണ്. മംഗളകരമായ മഹാരഹസ്യം ഇതാണ്: നിങ്ങൾ എന്നിൽ വിശ്വസിക്കുമെങ്കിൽ ഇനിമേൽ നിങ്ങൾക്ക് മരണമില്ല. നിങ്ങൾ പ്രകൃതി നിയമങ്ങൾക്ക് വിധേയനായി മരിച്ചാലും നിത്യമായി ജീവിക്കും. നിത്യജീവന്റെ മഹാശക്തി നിങ്ങളിൽ ഉണരുവാൻ മൂന്ന് ദൈവീക കൃപയുടെ തപസ്യ മാത്രം മതി: വിശ്വസിക്കുക, സ്നേഹിക്കുക, പ്രത്യാശിക്കുക. അതുവഴി യേശുവിന്റെ ആത്മീയശക്തിയുടെ അഭിഷേക ചൈതന്യം നിങ്ങളിൽ ഉണരും. നിങ്ങളുടെ ദു:ഖങ്ങൾ സന്തോഷമായി മാറും കുരിശുകൾ ലളിതമാകും. ജീവിതത്തിൽ സമൃദ്ധിയുണ്ടാകും. ഭൂമിയിലെ മരണം സ്വർഗ്ഗത്തിലെ ജനനമാകും. നിങ്ങൾ നിത്യമായി ദൈവമക്കളായിത്തീരും. ഇതിനേക്കാൾ മഹത്തരമായ മംഗളസന്ദേശം മറ്റെന്താണ്?

നമ്മുടെ കുടുംബങ്ങളിലും ഇടവകയിലും ഈ സദ്‌വാർത്ത യാഥാർത്ഥ്യമായിത്തീരട്ടെ. അത് ഉൾക്കൊള്ളുവാനും ജീവിക്കുവാനും സന്മനസ്സുള്ളവരോട് മാലാഖമാർ പ്രഘോഷിക്കുന്നു: ‘ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം.’’ സന്തോഷവും സമാധാനവും ഒരു നാണയത്തിന്റെ ഇരുവശങ്ങളുമാണെന്ന ബോദ്ധ്യത്തോടെ അടുത്തുവരുന്ന യേശുവിന്റെ പിറവിത്തിരുനാൾ നമ്മുടെ ഓരോരുത്തരുടേയും ഏറ്റവും ഉദാത്തമായ ജീവിതാനുഭവമായിത്തീരട്ടെ എന്ന് ആശംസിച്ചുകൊണ്ട്, ഇടവകാംഗങ്ങൾക്ക് സ്നേഹത്തോടെ മംഗളാശംസകൾ നേരുന്നു.

തോമസ്സച്ചനും, ജോയിയച്ചനും ഐസിസി കമ്മറ്റിയംഗങ്ങളും.

## Important Announcements

### 1). Bible Competition on 18th Dec.– 2011 in Maria Lourdes, after Malayalam Mass.

**Letters of the Apostle Paul** – Romans, First Corinthians, Second Corinthians, Galatians, Ephesians, Philippians, Colossians, First Thessalonians, Second Thessalonians, First Timothy, Second Timothy, Titus and Philemon. ***Themes***: 1. Ideas related to Father-Son-Holy Spirit, 2. Ideas related to Salvation, 3. Ideas related to Faith. 4. Ideas related to Love, 5. Ideas related to Family Life. 6. Ideas related to Holiness/Sanctity of human life. 7. Ideas related to heavenly life. 8. Ideas related to Baptism. Select two themes and study the texts and write them at the Competition of 40 minutes. Prizes of 1st, 2nd and 3rd will be given for the best comprehensive description of maximum selected texts on your themes from the Letters of St. Paul.

**2). Ecumenical Carol Singing Programme** on Sunday 11th December 2011 beginning at 3.00 P.M. in the Pfarre Maria Lourdes Meidling. The last day of registration will be Sunday, 4th of December 2011.

***Please note the modified norms and regulations of the Carol Programme:***

1. ഈ പ്രോഗ്രാം മൂന്ന് ഇനങ്ങളായി നടത്തുന്നു: A-type, B-type, C-type
2. മത്സര ഇനങ്ങൾ A-type ഉം B-type ഉം മാത്രം. C-type മത്സരമില്ലാത്ത ഇനം.

   A-type എന്നാൽ, ഗാനാലാപനം മാത്രം നടത്തുന്നത്. B-type എന്നാൽ, ഗാനാലാപനത്തോടൊപ്പം ഉപകരണസംഗീതം, അഭിനയം എന്നിവ കൂടിയുള്ളത്. റെക്കോർഡ് ചെയ്ത ഉപകരണ സംഗീതം അനുവദനീയമാണ്. റെക്കോർഡ് ചെയ്ത ഹമ്മിങ്ങ് അനുവദനീയമല്ല.
3. ഓരോ ടീമിലും മിനിമം അഞ്ച് വ്യക്തികളെങ്കിലും ഉണ്ടായിരിക്കണം.

4. മലയാളത്തിലുള്ള ക്രിസ്സ്മസ്സ് പാട്ടുകളോ ക്രിസ്തീയ ഗാനങ്ങളോ പാടാവുന്നതാണ്.
5. ഒരു ടീം ഒരു പാട്ട് മാത്രമെ പാടാവു. ഒരു വ്യക്തി ഒരു പ്രാവശ്യം മാത്രമെ ഏതെങ്കിലും ടീമിൽ (A or B) പാടുകയോ അഭിനയിക്കുകയോ ഉപകരണം വായിക്കുകയോ ചെയ്യാവു. ഏത് ടീമിൽ പാടിയവർക്കും C-typeൽ പാടാം.
6. മത്സരങ്ങൾ രണ്ട് വിഭാഗങ്ങളിലായി നടത്തുന്നു: Juniors & Seniors. അഞ്ച് വയസ്സു മുതൽ പതിനാലു വയസ്സ് തികയുന്നതുവരെയുള്ളവരാണ് ജൂണിയേഴ്സ്. പതിനഞ്ചു വയസ്സ് തികഞ്ഞവർ മുതലുള്ളവരാണ് സീനിയേഴ്സ്. അഞ്ച് വയസ്സുവരെയുള്ള കുട്ടികൾക്ക് ഏത് വിഭാഗത്തിലും പങ്കെടുക്കാവുന്നതാണ്. ജൂണിയർ വിഭാഗത്തിലുള്ളവർക്ക് അഭിനയിക്കാൻമാത്രം സീനിയേഴ്സ് വിഭാഗത്തിൽ ചേരാവുന്നതാണ്; എന്നാൽ, പാടാനോ ഉപകരണം വായിക്കാനോ പാടില്ല. സീനിയേഴ്സ് ഒന്നിനും ജൂണിയേഴ്സിന്റെ ടീമിൽ ചേരാൻ പാടില്ല.
7. A-type ഉം B-type ഉം മത്സര ഇനങ്ങൾക്ക് Rolling Trophies നൽകുന്നതാണ്.

**Scale of Evaluation: Marks out of 100**

1. **ശ്രുതി –20 മാർക്ക്**
2. **താളം–20 മാർക്ക്**
3. **സ്വരലയം–20 മാർക്ക്**
4. **വാക്കുകളുടെ വ്യക്തത–20 മാർക്ക്**
5. **അവതരണ മികവ്–20 മാർക്ക്**

## 3). Announcement from ICCYForum

- ICCYF's Nachhilfesystem: Haben bereits diverse Nachhilfefächer wie z.B.: Mathe, Deutsch, Englisch, Französisch, Spanisch, Rechnungswesen, Biologie, Elektronik, Programmieren, div. HTL Fächer, Geographie. Kontaktiere: Glory, Susan, Steffan oder Tiji, um einen passenden Lehrer zu bekommen.
- ICCYF's Weihnachtsfeier am 17 Dezember 2011 um 16:00 Uhr in Meidling
- 28 Dezember 2011 findet eine Maturantenberatung statt um 9 Uhr in der Früh. Ort ist Stadlau Palli. Alle 7 und 8 Klasse, Zivildiener, Präsenzdiener, Studenten die unzufrieden sind mit ihrem Studium und deren Eltern sind dazu eingeladen. Anmeldeschluss ist 4. Dezember 2011. Grund: Genügend Frühstück und ausreichend Informationsblätter sollen besorgt werden. Ebenfalls wird kurz erwähnt, wie man Zivildienst im Ausland machen kann.
    - Anmeldung über Liste, die in der Kirche hängt, Facebook oder Email. Details siehe ICC Homepage.
- Team für Jugendmesse wird organisiert: Interessierte, die da mitmachen wollen, Bitte bei Reshma, Glory, Jeswin oder Tiji melden.

**EINKEHRTAG DER JUGENDLICHEN** mit Sr. Margaritha Valappila
Am Samstag 11. Februar 2012 von 9 Uhr bis 16. 00 Uhr in Pfarre Maria Lourdes

4). Kairali Nikethan Christmas Party: on 17th Dec. 16.30 to 18.00hrs in Kairali Nikethan School.
5). ICC Parish Committee Meeting: 9th December at 19. 30 in Maria Lourdes.
6). Christmas Confession: 18th December: 10. 45 to 13. 00 in Meidling;
16.45 to 19. 00 in Stadlau.
7). Christmas Liturgy: Sunday 25th December at 15. 00hrs Maria Lourdes.
8). Jahresschluß –Thanksgiving Mass – Saturday, 31st December 19. 45. Maria Lourdes.

Please Note: There will not be Malayalam Mass in Maria Lourdes on Fridays of December (2nd, 9th, 16th, 23rd December) due to German Rorate Mass at 7. 00 AM

**പ്രേഷിതവർഷ പ്രാർത്ഥന (കുടുംബ പ്രാർത്ഥനയോടൊപ്പം ചൊല്ലുവാൻ)**

കർത്താവായ ദൈവമെ, പ്രേഷിതവർഷം ആചരിക്കുന്ന ഞങ്ങൾ പുതിയ പെന്തക്കുസ്താനുഭവത്താൽ നിറഞ്ഞവരായി അങ്ങേയ്ക്ക് സാക്ഷ്യം വഹിക്കുവാൻ അങ്ങയുടെ പരിശുദ്ധാത്മാവിനെ ഞങ്ങൾക്കു നൽകണമെ. സുവിശേഷത്തിനുവേണ്ടി തീഷ്ണതയോടുകൂടി പ്രവർത്തിക്കുവാൻ സന്മനസ്സുള്ള ധാരാളം യുവതീ യുവാക്കളെ അങ്ങയുടെ പ്രേഷിത വയലുകളിലേയ്ക്ക് അയയ്ക്കണമെന്നും ഞങ്ങളെല്ലാവരും ജീവിത സാക്ഷ്യത്തിലൂടെയും പ്രാർത്ഥനയിലൂടെയും പ്രേഷിത പ്രവർത്തനങ്ങളിൽ പങ്കുചേരാൻ ഇടവരുത്തണമെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു. കർത്താവെ, ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമെ.

*Verleger : Steephen Chevookaran, Media & Communications for the Indian Catholic Community*